# ഗവ: ന്യൂ യു പി സ്കൂൾ

## ആയാപറമ്പ്



# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

# ഉള്ളടക്കം


* ആമുഖം.
* സ്കൂൾ ചരിത്രം
* അടിസ്ഥാന വിവരങ്ങൾ
* ലക്ഷ്യങ്ങൾ
* അധ്യാപകരും വിവരങ്ങളും 2025-26.
* നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ.
* പ്രശ്നങ്ങൾ വെല്ലുവിളികൾ.
* മാസ്റ്റർ പ്ലാൻ

ക്ലാസ് 1

ക്ലാസ് 2

ക്ലാസ് 3

ക്ലാസ് 4.

മലയാളം

ഇംഗ്ലീഷ്

ഹിന്ദി

ഗണിതം

അടിസ്ഥാന ശാസ്ത്രം

സാമൂഹ്യശാസ്ത്രം.

# ആമുഖം

പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. പൊതു വിദ്യാഭ്യാസത്തെ മികച്ചരീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് അക്കാദമിക മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം.

എല്ലാ പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന ഗവ ന്യൂ യു പി എസ് ആയാംപറമ്പ് സജീവമായ പി.ടി.എ, എം.പി.ടി.എ, എസ്.എം.സി പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ മുന്നേറും എന്ന ലക്ഷ്യം കൈവരിക്കും എന്ന പ്രതിജ്ഞയോടെ യാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ഈ അക്കാദമികപ്ലാൻ അതിന്റെ ലക്ഷ്യം, ഉദ്ദേശങ്ങൾ എന്നിവ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

ഹെഡ്മാസ്റ്റർ

PTA പ്രസിഡന്റ്

## സ്കൂൾ ലഘു ചരിത്രം

1924 ൽ സ്ഥാപിതമായി എന്ന് ആവേദകർ അഭിപ്രായപ്പെടുന്ന ഗവ. ന്യൂ. യു.പി. എസിന്റെ ഉത്ഭവ ചരിത്രത്തെക്കുറിച്ച് പ്രചുരപ്രചാരമുള്ള വസ്തുത ഇങ്ങനെയാണ്."പണ്ട് എൻ.എസ്.എസ് കരയോഗത്തിന്റെ വകയായിരുന്ന സ്കൂളിൽ എൽ.പി വിഭാഗം മാത്രമാണ് ഉണ്ടായിരുന്നത് തുടർന്ന് കരയോഗം സ്കൂൾ ഗവൺമെന്റിന് വിട്ടുകൊടുക്കുകയും വർഷങ്ങൾക്ക് ശേഷം പ്രദേശ വാസികളുടെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിദ്യാലയത്തെ യു.പി സ്കൂളായി ഉയർത്തുകയും ചെയ്തു.

കലാകായിക രംഗങ്ങളിലും സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലും മികവു പുലർത്തുന്ന നിരവധി പ്രതിഭാശാലികളുടെ മാതൃവിദ്യാലയമെന്ന പേര് സ്കൂൾ ചരിത്രത്തിന് മാറ്റുകൂട്ടുന്നതാണ് പ്രഗത്ഭരായ നിരവധി അധ്യാപകർ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സ്കൂളിലെ 6-ാം ക്ലാസ് വിദ്യാർത്ഥിനിയായ കുമാരി മൈഥിലി 2022 ലെ അക്കിത്തം ബാല പ്രതിഭ പുരസ്കാര ജേതാവാണ്. സബ്ബ് ജില്ല, ജില്ല കലോത്സവങ്ങൾ, മേളകൾ, കായിക മത്സരങ്ങൾ എന്നിവയിലെല്ലാം ആയാപറമ്പ് ഗവ.ന്യൂ.യു.പി സ്കൂളിന്റെ പേര് ചിരപ്രതിഷ്ഠ നേടിയിട്ടുണ്ട് എന്നത് വളരെ അഭിമാനകരമാണ്.

## സ്കൂളിന്റെ നിലവിലുള്ള അവസ്ഥ/സാഹചര്യം

ആയാപറമ്പ് വടക്കേക്കര കുറ്റിയിൽ മുക്കിൽ നിന്ന് 250 മീറ്റർ വടക്ക് മാറി ആയാപറമ്പ് - പാണ്ടി റോഡിൽ സ്ഥിതി ചെയ്യുന്നതും സർവ്വേ നമ്പർ 107/24 പ്രകാരം 93 സെന്റ് വിസ്തൃതിയിൽ 425 മീ.സ്ക്വ പ്ലിന്ത് ഏരിയായോട് കൂടിയതുമായ കെട്ടിട സമുച്ചയമാണ് ആയാപറമ്പ് ഗവൺമെന്റ് ന്യൂ യു.പി സ്കൂൾ.

ശതാബ്ദിയിലേക്ക് അടുക്കുന്ന ഈ വിദ്യാലയത്തിൽ അധ്യയനം നടത്തി മികവ് തെളിയിച്ച നിരവധി പ്രതിഭകൾ സമൂഹത്തിന്റെ നാനാ തുറകളിൽ പ്രവർത്തിക്കുന്നു. ദൈനംദിന പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ലാത്ത ഭൗതിക സാഹചര്യങ്ങൾ സ്കൂളിന്റെ വളർച്ചയെ സ്തംഭിപ്പിക്കുന്നു. കേരളത്തിലൊന്നാകെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളിൽ മാറ്റം ഉണ്ടായെങ്കിലും ഇവിടെ അപകടകരമായ നിലയിൽ തുടരുന്ന കെട്ടിടങ്ങൾ ഭീതിയുണർത്തുന്നു. ഇക്കാരണങ്ങളാൽ കുട്ടികളുടെ എണ്ണത്തിലും ഗണ്യമായ കുറവുണ്ടായി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഈ പ്രദേശത്ത് സാമ്പത്തിക സമാഹരണം നടത്തുക ദുഷ്കരമായ കാര്യമാണ്.തൊണ്ണൂറ്റി മൂന്ന് കുട്ടികൾ നിലവിൽ പഠിക്കുന്ന ഈ സ്കൂളിലെ ബഹുഭൂരിപക്ഷം പേരും എസ്.സി വിഭാഗത്തിൽ പെട്ടവരാണ്.

അഞ്ച് മുറികൾ വീതം സമാന്തരമായി നിലകൊള്ളുന്ന രണ്ട് കെട്ടിടങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ രണ്ട് കെട്ടിടങ്ങൾക്കും എൺപത് വർഷത്തിലേറെ പഴക്കം വരും. ഓടുമേഞ്ഞ ഈ രണ്ട് കെട്ടിടങ്ങളും ചോർന്നൊലിക്കുന്നവയാണ്. കെട്ടിടങ്ങൾ അടുത്തടുത്ത് നിൽക്കുന്നതിനാൽ ക്ലാസ്മുറികളിൽ വെളിച്ചം കുറവുമാണ്. മഴ ദിവസങ്ങളിൽ ഇരുട്ട് കനക്കുന്നു. ഒരു ഡിജിറ്റൽ ക്ലാസ് റൂം പോലുമില്ലാത്തത് ഐ.സി.റ്റി സങ്കേതങ്ങൾ ഉപയോഗിച്ചുള്ള പഠനം ശ്രമകരമാക്കുന്നു. ചോർന്നൊലിക്കുന്ന മുറികളിൽ ലാപ്ടോപ് പോലുള്ള ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുന്നത് ഭയത്തോടെയാണ്. 2004 ൽ എസ്. എസ്.കെ പദ്ധതി അനുസരിച്ച് കമ്പ്യൂട്ടർ ലാബ് എന്ന പേരിൽ പണികഴിപ്പിച്ച രണ്ട് മുറികളോടുകൂടിയ കോൺ ക്രീറ്റ് കെട്ടിടവും ഇപ്പോൾ മോശം നിലയിലാണ്. പി.റ്റി.എ മുൻകൈയ്യെടുത്ത് സമീപകാലത്തായി ഒരു പ്രീ പ്രൈമറി വിഭാഗം കൂടി പ്രവർത്തനാരംഭിച്ചിട്ടുണ്ട്. 12 വിദ്യാർത്ഥികളും ഒരു അധ്യാപികയും ഒരു ആയയും ആണ് പ്രീ പ്രൈമറി വിഭാഗത്തിൽ ഉള്ളത്. അധ്യാപികയ്ക്കും ആയക്കും വേതനം നൽകുന്നത് പി.റ്റി.എ ഫണ്ടിൽ നിന്നുമാണ്. യു.പി ക്ലാസ്സ് വരെയുള്ള പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയമാണെങ്കിലും സ്ത്രീ സൗഹാർദ്ദപരമായ ശുചിമുറികളോ സാനിറ്ററി നാപ്കിനുകളോ കളയുന്നതിനുള്ള സംവിധാനങ്ങളോ ഇല്ല.

സ്കൂളിൽ പൊതു പരിപാടികൾ സംഘടിപ്പിക്കാനോ കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാനോ കഴിയും വിധം ഒരു ഹാൾ ഇല്ല. അതുകൊണ്ട് തന്നെ എല്ലാ രക്ഷകർത്താക്കളും ഉൾപ്പെടുന്ന പി.റ്റി.എ യോഗങ്ങൾ പോലും സംഘടിപ്പിക്കാൻ പ്രയാസം നേരിടുന്നു. മേൽസൂചിപ്പിച്ച സാഹചര്യങ്ങൾ നിലനിൽക്കേ വരുംവർഷം ഈ കെട്ടിടങ്ങൾക്ക് ഫിറ്റ്നെസ്സ് ലഭിച്ചില്ലെങ്കിൽ വിദ്യാർത്ഥികളും അധ്യാപകരും മറ്റു സ്കൂളുകളിലേക്ക് പോവുകയും അനേകം തലമുറകളുടെ ആദ്യവിദ്യാലയമായ ഈ സ്കൂൾ അടച്ചുപൂട്ടുകയും ചെയ്യേണ്ട വിഷമസ്ഥിതിയിലെത്തും

സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം നിലനിൽക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്. ശതാബ്ദിയോടടുത്ത് നിൽക്കുന്ന നമ്മുടെ സ്കൂളിന് ആധുനിക സംവിധാനങ്ങളോട് കൂടിയ പുതിയ ഹൈടെക്ക് കെട്ടിടസമുച്ചയം വരേണ്ടത് മാറി വരുന്ന കാലഘട്ടത്തിനും വിദ്യാഭ്യാസ സമ്പ്രദായത്തിനും തികച്ചും അനിവാര്യമാണ്. അത് സ്കൂളിന്റെ വളർച്ചയ്ക്കും പ്രദേശത്തെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനും മുതൽക്കൂട്ടാവും. ആയതിനാൽ മേൽ സൂചിപ്പിച്ച വസ്തുതകളെ സസൂഷ്മം മനസ്സിലാക്കുകയും അനുഭാവപൂർവ്വമായ പരിഗണന നൽകി എം.എൽ.എ ഫണ്ടിൽ നിന്നും വകുപ്പ് തലങ്ങളിൽ നിന്നും വേണ്ടതായ സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## അടിയന്തിര ആവശ്യങ്ങൾ

സ്കൂളിന്റെ സുഗമമായ നടത്തിപ്പിനും ശാശ്വതമായ നിലനിൽപ്പിനും ആവശ്യം വേണ്ട ചിലവസ്തുതകൾ ചുവടെ ചേർക്കുന്നു.

1. **അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ ബഹുനില കെട്ടിടം**

ഇരുനിലകളിലായി 16 മുറികളോടുകൂടിയ കെട്ടിടം. പ്രീ -പ്രൈമറി മുതൽ 7-ാം ക്ലാസ്സ് വരെ 8 ക്ലാസ്സ് മുറികൾ. ക്ലാസ്സ് മുറികൾ ആധുനിക രീതിയിൽ സജ്ജീകരിച്ചവരും ഡിജിറ്റൽ സംവിധാനങ്ങളോട് കൂടിയവയും ആയിരിക്കേണ്ടത് മാറിവരുന്ന കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

കുട്ടികളുടെ വായനാ ശീലം വളർത്തുന്നതിനും അവരിൽ ശാസ്ത്ര-സാങ്കേതിക ബോധം രൂപീകരിക്കുന്നതിനും സാമൂഹിക മനോഭാവം സൃഷ്ടിക്കുന്നതിനും പര്യാപ്തമായ ലൈബ്രറി ആന്റ് റീഡിംഗ് റൂം സംവിധാനം, ലാബ് എന്നിവ വളരെ അത്യാവശ്യമാണ്.

സ്റ്റാഫ് റൂം ഓഫീസ് റൂം എന്നിവയും സ്ത്രീ സൗഹാർദ്ദപരമായ ശുചി മുറികളും ഈ കെട്ടിടസമുച്ചയത്തിൽ അനിവാര്യമാണ്. കൂടാതെ ഡിജിറ്റൽ ബോർഡോടുകൂടിയ ഒരു ഓഡിയോ വിഷ്വൽ റൂം കുട്ടികളുടെ പഠനമികവ് ഉറപ്പ് വരുത്തുന്നതിനും ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിൽ കൈത്താങ്ങൊരുക്കുന്നതിനും സഹായിക്കും.

2. **ഭക്ഷണ ശാലയും അടുക്കളയും**

കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി അടച്ചുറപ്പുള്ള ഒരു അടുക്കളയും ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനായി ഒരു മെസ്സ് ഹാളും അത്യാവശ്യമാണ്.

3. **അസംബ്ലിഹാൾ/ ഓഡിറ്റോറിയം**

പൊതു പരിപാടികളായ കലോത്സവം, സ്കൂൾ വാർഷികം, ദിനാചരണങ്ങൾ, സാംസ്കാരിക യോഗങ്ങൾ, ശില്പശാലകൾ, പി.റ്റി.എ യോഗങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുവാൻ ഉതകുന്ന ഒരു ഹാൾ വളരെ അനിവാര്യമാണ്.

4. **കളിസ്ഥലവും സാമഗ്രികളും**

കായിക പ്രവർത്തനങ്ങളിൽ വളരെ മുന്നിട്ട് നിൽക്കുന്നവരും മികവുപുലർത്തുന്നവരുമാണ് ഈ സ്കൂളിലെ വിദ്യാർത്ഥികൾ. അവരുടെ കായിക അഭിരുചിയെ ത്വരിതപ്പെടുത്തുന്നതിനും ശരിയായ പരിശീലനം നൽകാൻ സഹായിക്കുന്നതുമായ കളിസ്ഥലവും അനുബന്ധ സാമഗ്രികളും മെച്ചപ്പെടുത്തി നൽകേണ്ടത് നാളത്തെ മികച്ച കായിക പ്രതിഭകളുടെ പിറവിക്ക് സഹായകമാകും.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ: ന്യൂ യു.പി എസ് ആയാപറമ്പ്.

വിലാസം : ആയാപറമ്പ് PO 690517

ഫോൺ : 7907643871

സ്കൂൾ കോഡ് : 35431

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

വിദ്യാഭ്യാസ ജില്ല : ആലപ്പുഴ

റവന്യൂ ജില്ല : ആലപ്പുഴ

ബി.ആർ സി : ഹരിപ്പാട്

സി ആർ സി : ഗവ ന്യൂ യു.പി. എസ് ആയാപറമ്പ്.

ഗ്രാമപഞ്ചായത്ത് : ചെറുതന

ബ്ലോക്ക് പഞ്ചായത്ത്: ഹരിപ്പാട്

ജില്ലാപഞ്ചായത്ത് : ആലപ്പുഴ

നിയമസഭാ മണ്ഡലം - കുട്ടനാട്.

ലോക്സഭാ മണ്ഡലം : ആലപ്പുഴ.

താലൂക്ക് : കാർത്തികപ്പള്ളി

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പ് വരുത്തുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.
* കുട്ടിക്ക് മികവാർന്ന പഠന അന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകുക
* ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക
* മുഴുവൻ ക്ലാസുകളിലും ICT സാധ്യത ഉറപ്പുവരുത്തുക
* പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യ

മായ ഭൗതിക സാഹചര്യം ഒരുക്കുക.

* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* വിദ്യാലയം തന്നെ പാഠപുസ്തകം ആക്കി മാറ്റുക
* മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
* ലഘു പഠനയാത്രകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ പ്രോജക്ടുകൾ, തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പുതിയ തലമുറയിൽ കൃഷിയോടുള്ള താത്പര്യം വളർത്തുക.

* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
* ജൈവ വൈവിധ്യ ഉദ്യാനം, ഔഷധഉദ്യാനം എന്നിവ സംരക്ഷിക്കുക കൂടുതൽ മെച്ചപ്പെടുത്തുക
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യം ഒരുക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
* കുട്ടികളിൽ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പാക്കുക.

* മാലിന്യ സംസ്കരണത്തിന് കൂടുതൽ സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പാക്കുക.
* ഉച്ചഭക്ഷണം വൈവിധ്യവും ജനകീയവുമാക്കുക.
* കുട്ടികളിലെ കായികക്ഷമത ഉയർത്തുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ [ക്യാമ്പ്, ക്ലാസുകൾ] നടപ്പാക്കുക
* ടാലന്റ് ലാബ് പ്രവർത്തനം കാര്യക്ഷമമാക്കുക.

# അധ്യാപകരും വിവരങ്ങളും. 2025-26.

| അധ്യാപകന്റെ പേര് | വിഷയം | ചുമതലകൾ. |
|---|---|---|
| അഭിലാഷ് [HM] | Social Science<br>Malayalam. | Social Science club. |
| ഷീബാ ദേവി | class 1. | Noon meal<br>School protection group |
| ശ്രീലേഖ | class III | SRG ,<br>Sampoorna.<br>Sports club |
| ശ്യാമിനി. S. | Class II | Vegitable garden<br>Echo club.<br>Health club<br>Work Experience |
| നീതു. ആർ. പിള്ള | class IV | Transportation [Auto]<br>ഗാന്ധി ദർശൻ<br>കലോത്സവം<br>School protection group. |
| കല | Basic Science<br>Maths. | Tour<br>വിദ്യാരംഗം<br>Science club<br>ഗണിത ക്ലബ്.<br>IT |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| No. | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1. | ക്ലാസ് മുറി | 3 building. | |
| 2. | ടോയ്‌ലെറ്റ് (Boys) | 2. | |
| 3. | ടോയ്‌ലെറ്റ് [girls] | 4 | |
| 4. | കിണർ | 1 | |
| 5. | ലൈബ്രറി | | ഇല്ല. |
| 6. | ചുറ്റുമതിൽ | ഭാഗികം | |
| 7. | കളിസ്ഥലം | ഉണ്ട് [1] | |
| 8. | ക്ലാസ് മുറിയിൽ റാംപ് | ഇല്ല | |
| 9. | അടുക്കള | 1 | |
| 10 | കമ്പ്യൂട്ടർ ലാബ് | ഇല്ല | |
| 11. | റീഡിംങ്ങ് റൂം | ഇല്ല | |
| 12. | സ്കൂൾ ബസ് | Auto[Rent] | 1 |
| 13. | വിഷയ ലാബുകൾ | | |
| 14. | സ്റ്റേജ് | ഇല്ല | 1 |
| 15. | കമ്പ്യൂട്ടർ [Laptop] | 4 | 5 |
| 16. | മൈക്ക് | 1 | |
| 17. | പ്രോജക്ടർ | 1 | |
| 18. | ഗ്രീൻ ബോർഡ്. | | |
| 19. | സ്മാർട്ട് TV | ഇല്ല | 2. |
| 20. | സ്മാർട്ട് ക്ലാസ് റൂം | ഇല്ല | 2. |
| | | | |

# പ്രശ്നങ്ങൾ വെല്ലുവിളികൾ

## അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും നിലവിൽ ഭൗതികസാഹചര്യം ഇല്ല.
2. റിസോഴ്സ് അധ്യാപകരുടെ കുറവ്.
3. ഭിന്നശേഷിക്കാരെ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതി അഭാവം.
4. ശരിയായ കായികക്ഷമത ഉറപ്പാക്കാൻ കഴിയുന്നില്ല.
5. കുട്ടികൾക്കാവശ്യമായ ഗൈഡ്ലൈൻ| കൗൺസിലിംഗ് നൽകാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളുടെ അഭാവം
6. Drawing , work experience, അധ്യാപകരുടെ അഭാവം.
7.

## ഭൗതികം

1. റിസോഴ്സ് റൂമുകളുടെ അഭാവം
2. ഭൂമിശാസ്ത്രപരമായ ഘടന
3. ക്ലാസ് / സ്കൂൾ ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല
4. PTCM ന്റെ അഭാവം
5. പ്രഭാതഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു.

6. കലാ കായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം ലഭിക്കുന്നില്ല.

7. ഹൈടെക്ക് ക്ലാസ്മുറികൾ ഇല്ല.

## സാമൂഹികം.

1. ഉപകാരപ്രദമായ SMC യുടെ അഭാവം

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| കുട്ടിയുടെ പേര് ക്ലാസ് | ക്ലാസ് | പ്രത്യേകത | പഠനപിന്നോക്കാവസ്ഥ |
| --- | --- | --- | --- |
| 1. യദുകൃഷ്ണൻ | 5 | മസ്കുലാർ ഡിസ്ട്രോഫിയ | ഇല്ല |
| 2. അവന്തിക | 5 | ഓട്ടിസം | ഉണ്ട് |
| 3. അഭിജിത്ത് R | 4 | ഓട്ടിസം | ഉണ്ട്. |

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയപഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാവുന്നു. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# വിഷയം :- മലയാളം

ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
* തിയറ്റർ സാധ്യതകൾ, വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ ചെറുകഥകൾ എഴുതുന്നു വായിക്കുന്നു.
* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാപുസ്തകം രൂപപ്പെടുത്തുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* സർഗശേഷികൾ കൈവരിക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തിനേടുന്നു
* സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലം |
| --- | --- | --- |
| വായന | * ചിത്രവായന<br>* വിവിധ തരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>* വായനമൂല ഒരുക്കൽ<br>* പത്രവായന<br>* വായനകാർഡ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രവർത്തനങ്ങൾ |
| ലേഖനം | * ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു. | ജൂൺ |
| | * സചിത്രബുക്ക് | ജൂലൈ |
| | * സംയുക്ത ഡയറി എഴുത്ത് | ആഗസ്റ്റ് മുതൽ തുടർച്ച |
| | * ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു എഴുതുന്നു. | സെപ്റ്റംബർ ഒക്ടോബർ |
| | * സാങ്കല്പികഡയറി എഴുതുന്നു | നവംബർ |
| | * വരികൾ കൂട്ടിച്ചേർക്കുന്നു | ഡിസംബർ |
| | * ചിത്രം നോക്കി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു. | ജനുവരി മുതൽ... |
| | * സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. | മാർച്ച് വരെ |

# Subject :- English

Aim :- To speak, read and write English without any mistakes.

| Aim | Activities | Support | Month |
| --- | --- | --- | --- |
| Skills | * To develop listening skills and reading skills | | June |
| | * Description growing sentences, picture reading, riddles, quiz. | Teachers and Parents. | July |
| Reading skills | * Reading breaking news<br>* Find words from reading materials<br>* Rhyming words<br>* Describing words from text book activities. | | August |
| Writing skills | * Make wordweb<br>* Picture description<br>* Word chain<br>* Story telling<br>* Riddles<br>* Conversation. | | September<br>October<br>November<br>December<br>January<br>February<br>March. |

# വിഷയം :- ഗണിതം

ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
* അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം |
|---|---|---|---|
| സംഖ്യാബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>* സംഖ്യാ കാർഡ് നിർമ്മിക്കൽ | അധ്യാപകർ<br>രക്ഷകർത്താക്കൾ | ജൂൺ |
| ഗണിതകിറ്റ് | * ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു | | ജൂലൈ |
| വലിയ സംഖ്യ<br>ചെറിയ സംഖ്യ | * ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>* വലിയസംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | | ആഗസ്റ്റ് |

| | | | |
|---|---|---|---|
| സങ്കലനക്രിയകൾ | * സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>* രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ<br>* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും | | സെപ്തംബർ |
| ഒറ്റസംഖ്യകൾ ഇരട്ട സംഖ്യകൾ | * ഒറ്റസംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>* ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ. | | ഒക്ടോബർ |
| സംഖ്യാഗാനങ്ങൾ | * സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു<br>* ഗണിതപ്രവർത്തനങ്ങൾ ആസ്വാദ്യകരം ആക്കുന്നു. | | നവംബർ |
| വർക്ക് ഷീറ്റ് | * സംഖ്യകളെ സുന്ദരമാക്കൽ<br>* വർക്ക്ബുക്ക് പ്രവർത്തനങ്ങൾ<br>* My Number Book തയ്യാറാക്കൽ | | ഡിസംബർ |
| വ്യവകലനപ്രവർത്തനങ്ങൾ | * രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനങ്ങൾ<br>10−2=8 , 10−3=7 | | ജനുവരി |
| ചിഹ്നങ്ങൾ തിരിച്ചറിയൽ | * സങ്കലനം , വ്യവകലനം (+ , −) എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു. | | ഫെബ്രുവരി |
| ഗണിതകിറ്റ് | * ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>* സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാക്കൽ | | മാർച്ച് |

# വിഷയം :- പരിസരപഠനം

ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
* പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.
* നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം |
|---|---|---|---|
| * ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | * പ്രകൃതി നടത്തം<br>* ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ തുടങ്ങിയവ നിരീക്ഷിക്കുന്നു.<br>* പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | അദ്ധ്യാപകർ<br>രക്ഷകർത്താക്കൾ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| | | | |
|---|---|---|---|
| * ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | * സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു.<br>* പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |
| * ചെടിയുടെ ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | * പച്ചക്കറികൾ<br>* പഴങ്ങൾ<br>* കിഴങ്ങുകൾ<br>* പൂക്കൾ എന്നിവ കൊണ്ടുവരുന്നു.<br>* ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷ്യയോഗ്യമായത് എന്ന് കണ്ടെത്തുന്നു.<br>* രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച്. |

# അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ്സ്: രണ്ട്

## മലയാളം

### ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കുവാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും വികാസമാണ് ലക്ഷ്യമിടുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

### പ്രവർത്തനങ്ങൾ

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ നിലവാരത്തിലുള്ള കുട്ടികളെയും കണ്ടെത്തുന്നു

### ജൂൺ

ചിത്രക്കാർഡുകൾ നൽകൽ, ശേഷം വായനക്ക് അവസരമുണ്ടാക്കുന്നു ശേഷം വായനയുമായി ബന്ധപ്പെട്ട് ചിത്രം വരക്കൽ. എഴുത്തും വായനയും വികസിപ്പിക്കൽ

ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത ഉപയോഗിക്കുന്നു
സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു

ആഗസ്റ്റ്

ക്ലാസ് തലത്തിൽ വായനയ്ക്കും എഴുത്തിനും കൂടുതൽ പ്രാധാന്യം നൽകുന്നു. ചിത്രങ്ങൾ നോക്കി വിവരണങ്ങൾ എഴുതൽ, സംഭാഷണം, കഥ എന്നിവ എഴുതൽ

സെപ്തംബർ

വായിച്ച കഥയിൽ നിന്ന് ചിത്രം വരയ്ക്കൽ, സംഭാഷണം, ചോദ്യങ്ങൾ, എന്നിവ എഴുതുന്നു
കഥാഭാഗങ്ങൾ അഭിനയിച്ച് കാണിക്കൽ

ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ വിവരണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ എഴുതുന്നു
വായനാക്കാർഡുകൾ നിർമിക്കുന്നു

നവംബർ

കുട്ടികളിൽ ഉത്തമമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു

## ഡിസംബർ

വായനയ്ക്കും എഴുത്തിനുമുള്ള പ്രവർത്തനങ്ങൾ ക്ലാസിൽ ചെയ്യിപ്പിക്കുന്നു പുസ്തകപ്പെട്ടി, കൈയ്യെഴുത്തു മാസികകൾ ക്ലാസ്സ്മൂലത്തിൽ വയ്ക്കുന്നു ഉപയം വായിച്ച് മനസിലാക്കിയ കാര്യങ്ങൾ തന്റേതായ രീതിയിൽ കൂടുതൽ വാക്യങ്ങൾ ചേർത്ത് തെറ്റില്ലാതെ എഴുതുവാൻ അവസരം നൽകുന്നു

## ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ, ചെറുവിവരണങ്ങൾ എഴുതുന്നതിനു വായിക്കുന്നതിനുമുള്ള അവസരം ഒരുക്കുന്നു

## ഫെബ്രുവരി

എല്ലാ മേഖലകളിലും കുട്ടികളെ എത്തിക്കാനായി ശ്രവണം, ലേഖനം, എന്നിവയ്ക്ക് കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു

## മാർച്ച്

കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു
വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കുന്നു
ചീട്ടുവായന, കൂട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കുന്നു

# ഗണിതം

## ആമുഖം :

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കാണുന്നതിന് ഗണിത പഠന സമീപനത്തിൽ കുട്ടികൾക്ക് പങ്കാളിത്തം പ്രാധാന്യം ഉണ്ട്. ഓരോ പഠന ഘട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ടുവേണം കുട്ടി പഠിക്കേണ്ടത്, അതിനായി ഗണിത പഠനത്തിൽ കുട്ടികൾക്ക് താൽപര്യവും അഭ്യസിക്കാൻ പലവിധവുമായിരിക്കണം.

## പ്രവർത്തനലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിക്ക് 100 വരെയുള്ള സംഖ്യാബോധം, സംഖ്യാബോധം വ്യാഖ്യാനം സങ്കലനം വ്യവകലനം എന്നിവയിലൂടെയുള്ള ശേഷി ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

## പ്രവർത്തനങ്ങൾ

### ക്രമം

1, 2, 3, 4 __, __, __

1. 3, 5, 7 __, __, __

2, 4, 6, 8 __, __, __

5, 10, 15, 20 __, __, __

ഇതുപോലെയുള്ള സംഖ്യാ പാറ്റേണുകൾ നിർമ്മിക്കൽ, സംഖ്യാബന്ധം കണ്ടെത്തൽ

ഒരു സംഖ്യയോട് ഒന്നു കൂട്ടിയാൽ തൊട്ടടുത്ത സംഖ്യ കിട്ടും, ഒന്നു കുറച്ചാൽ സംഖ്യയ്ക്ക് തൊട്ടു മുൻപുള്ള സംഖ്യ കിട്ടും.

eg $4+1=5$ $5+1=6$

$4-1=3$ $5-1=4$

## ഇരട്ടി

പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യ രൂപീകരിക്കൽ

eg: $5+5=10$ $15+15=30$

$10+10=20$ $20+20=40$

## ത്രസ്റ്റ്

വിവിധ പാറ്റേണുകൾ വ്യക്തിഗതമായി നിർമ്മിക്കുന്നു ചോദ്യം ഉന്നയിക്കൽ, സ്വന്തമായ ചോദ്യ പരിഹാരം സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ,

99 നോട് 1 കൂട്ടിയാൽ 100 കിട്ടും

10 പത്ത് ചേർന്നാൽ 100 കിട്ടും

100 ഒന്നു ചേർന്നാൽ 100 കിട്ടും

## സെപ്റ്റംബർ

ഗണിത പഠന സാമഗ്രികൾ ഉപയോഗിച്ച് പ്രശ്നം പരിഹരിക്കൽ
സങ്കലനക്രിയ ചെയ്യാൻ ഈർക്കിൽ, മുത്ത്, മഞ്ചാടി തുടങ്ങിയവ ഉപയോഗിക്കുന്നു

## ഒക്ടോബർ

രണ്ടക്ക സംഖ്യകൾ ഉപയോഗിച്ച് പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
സങ്കലന ക്രിയകൾ ചെയ്യുന്നു.
സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് മനസിലാക്കുന്നു

## നവംബർ

സ്ഥാനവില തിരിച്ചറിയൽ, ഒറ്റ പത്ത് എന്നിവ മനസിലാക്കി സംഖ്യകൾ എഴുതുന്നു.
സംഖ്യകളെ വ്യാഖ്യാനിക്കുന്നു

3 ഒന്നുകൾ 5 പത്തുകൾ - 53
49 - 4 പത്തുകൾ 9 ഒന്നുകൾ

കളികളിലൂടെ പ്രശ്നപരിഹാരം കണ്ടെത്തുന്നു
ആ പത്തിന്റെ കൂട്ടങ്ങൾ മനസിലാക്കാനും, സ്ഥാനവില മനസിലാക്കാനും ഒറ്റയും പത്തും എന്ന കളി ചിട്ടപ്പെടുത്തുന്നു.

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, അവ
കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

eg 10 രൂപ + 5 രൂപ = 15 രൂപ

1 രൂപ + 2 രൂപ = 3 രൂപ

## ഡിസംബർ

സംഖ്യാബോധം നേടിയതിന്റെ അടിസ്ഥാനത്തിൽ
സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ.
സ്ഥാനവില പത്ത്, ഒറ്റകൾ എന്നിവ നിർണ്ണയിക്കൽ
രണ്ടക്ക സംഖ്യകളുടെ തുക കാണുന്നതിനായി
വ്യത്യസ്ത രീതികൾ ഉണ്ട്.

eg 10 + 12 = 22

(1)

12+
10
22

(2)

10 = 10 + 0
12 = 10 + 2
= 20 + 2
22

## ജനുവരി

പട്ടിക മനസിലാക്കി ഗണിതവത്കരിക്കൽ
പട്ടികയിലെ വിവരങ്ങൾ പറയൽ ചോദ്യ നിർധാരണം
കണ്ടെത്തൽ, അവതരിപ്പിക്കൽ
സങ്കലന കഥകൾ, ചോദ്യങ്ങൾ ഉണ്ടാക്കൽ സ്വന്തമായി ചെയ്യുന്നു

## ഫെബ്രുവരി

ഗണിത പഠനം കളിരീതിയിൽ അവതരിപ്പിക്കൽ

ഗണിതപരമായ നാടൻ കളികൾ പരിചയപ്പെടുത്തൽ

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

## മാർച്ച്

കലണ്ടറിൽ പാറ്റേൺ നിർമ്മിക്കുന്നു

കലണ്ടർ നിർമ്മിക്കുന്നു

കലണ്ടർ പതിപ്പ് തയ്യാറാക്കൽ.

ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുക.

# English

Aim :- To speak, Read and write English without any mistakes

## June and July

To develop listening skills and reading skills

### Listening skills

Games, Action songs, conversations, and english activities

### Speaking skills

Descriptions, growing sentences, picture reading
Picture descriptions, self introduction

## July and August

Reading cards, story book, Picture story
Make picture description,
Identify the naming words from the picture

Identify the action words from the picture
Make simple sentences using action words

<u>August and September</u>

Make word web
picture description
make riddle
Conversation
Add more lines
Sentence chain

<u>October & November</u>

prepare reading cards
provide more opportunities to read, sight and speak
write five english words daily

<u>December January</u>

Read Newspaper, story book,
Read and understand simple instructions in the classroom

Make picture album

February & March

Speak English fluently

provide the opportunity to express my self in the class room.

English Assembly once in a week

Read and write sentences

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്.

### ലക്ഷ്യം

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടേയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

### പൊതു തത്വങ്ങൾ

- ★ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം.
- ★ സർഗ്ഗാത്മകതയ്ക്കും സ്വയംപഠനത്തിനുള്ള അവസരം, പ്രധാന്യം.
- ★ സാമൂഹികവും പാരിസ്ഥിതികവുമായുള്ള അവബോധം വളർത്തൽ.
- ★ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- ★ കുടുംബത്തിന്റേയും സമൂഹത്തിന്റേയും പങ്കാളിത്തം ഉറപ്പാക്കുക.

## 1 മധുരം മലയാളം [ഭാഷാപഠനം].

| പ്രവർത്തനം | ലക്ഷ്യം. | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ്ടീച്ചർ | PTA ഫണ്ട്. |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG ക്ലാസ്ടീച്ചർ | PTA. |
| ക്ലാസ് വായന ക്ലാസ് ലൈബ്രറി | | | | |

| | | | | |
|---|---|---|---|---|
| ഒരുക്കൽ – പുസ്തക പരിചയം | | | | |
| വായനാനുഭവങ്ങളെക്കുറിച്ച് ആസ്വാദനങ്ങളെക്കുറിച്ച് രചനാപരിചയങ്ങളെക്കുറിച്ച് പുസ്തക സംവാദം | | | | |
| എഴുതാം തെളിയാം. | | | | |
| പാഠഭാഗങ്ങളിൽ നിന്നും പത്ര വാർത്തകളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |

| | | | | |
|---|---|---|---|---|
| രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA. | |
| ഭക്ഷ്യമേള— പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം— അഭിമാനിക്കാം. സാഹിത്യകാരന്മാർ. | സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മ ദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ CPTA. | |
| | | | | |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ. | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം കേട്ടറിയാം. | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ. ICT | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ PTA | PTA. |
| ഉപാംഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ. | | | | |

| | | | | |
|---|---|---|---|---|
| പഠനോത്സവത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/ പ്രദർശനം. [സർഗ്ഗോത്സവം, കലാ അവതരണം, ഗണിത ഉപകരണങ്ങൾ, ചമയങ്ങൾ, പ്രദർശനം]. | | വർഷത്തിലൊരിക്കൽ. | SRG, CPTA ക്ലാസ് ടീച്ചർ | PTA. |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM. | |
| | | | | |

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ. സംഘടിപ്പിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം, ക്വിസ്, പ്രഭാഷണം ജീവിത രേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിലൊന്ന് | HM, SRG CPTA, ക്ലാസ് ടീച്ചർ. | PTA. |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക്. | | | | |

2. വിരിയുന്ന പൂക്കൾ [ഇംഗ്ലീഷ് ഭാഷാ പഠനം]

| പ്രവർത്തനം | ലക്ഷ്യം. | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഭാഷ പ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ~~ആഴ്ചയ~~ മാസത്തിൽ 2 ദിവസം [വർഷം മുഴുവൻ] | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ [നിയന്ത്രണം കുട്ടികൾക്ക്] | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ 3 ദിവസം [വർഷം മുഴുവൻ] | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ | | | | |
| ഇംഗ്ലീഷ് തിയേറ്റർ. | സർഗ്ഗാത്മകതാ പരിപോഷണം | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ [Skit, Drama, Conversation, Story telling]<br>ഇംഗ്ലീഷ് മാഗസിൻ | സർഗ്ഗാത്മകരചനാ ശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ SMC | SMC. |

| | | | | |
|---|---|---|---|---|
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ<br>ഇംഗ്ലീഷ് കൈയെഴുത്ത്. | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന്. | ക്ലാസ് ടീച്ചർ | PTA. |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ. | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ വായനാ വേള ഒരുക്കൽ വായനക്കുറിപ്പ് - പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ [ഇംഗ്ലീഷ് ഭാഷ] കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ. | വർഷത്തിലൊന്ന് [അവധിക്കാലം] | SRG , SMC ക്ലാസ് ടീച്ചർ | PTA ഫണ്ട്. |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

| | | | | |
|---|---|---|---|---|
| ഗണിതലാബ് | ഗണിതപഠനം ആസ്വാദ്യമാക്കാൻ ഗണിതലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത ആശയങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുവരുകൾ പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ P.T.A. |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | | | | |

# കളിക്കാം ഗണിക്കാം [ഗണിത പഠനം]

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ | ഗണിതപഠനം രസകരമാക്കാൻ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| മൂല്യനിർണ്ണയം [ഏണിയും പാമ്പും, ഡയസ് കളി, സങ്കലന വ്യവകലനം, ചതുവടക്കളി] | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ - കരചലനശേഷി വികാസം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA. |
| ഒറിഗാമി നിർമ്മാണം പ്രദർശനം. | | | | |

# അറിയാം... അടുത്തറിയാം [പരിസരപഠനം]

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്ര മൂല | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ. | HM, SRG ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര യാത്ര. | ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ. |
| വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്, ശാസ്ത്ര മേഖലയിൽ പ്രദർശനങ്ങൾ ഒരുക്കുന്ന സ്ഥാപനങ്ങൾ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം. | ഭൂപട വായന ഭൂപട രചന സൂചികകൾ പരിചയപ്പെടുത്തൽ. സൂചികാ നിർമ്മാണം, കളറുകൾ ഉപയോഗിക്കൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| കേരളം - ഇന്ത്യ ഭൂപട വായന. | | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുവർ | ശാസ്ത്രപഠനം രസകരമാക്കൽ | ആവശ്യാനുസരണം. | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം. | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | HM, SRG Class teacher | PTA. |
| പഠന ഉത്പന്നങ്ങളുടെ പ്രദർശനം | | | | |
| ശാസ്ത്ര മാസിക | അറിവുകളുടെ രചന | വർഷത്തിലൊന്ന് | HM, SRG, Class Tr | PTA |
| ശാസ്ത്രപഠനങ്ങളിലൂടെ നേടിയ അറിവ് ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാ കേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താ ലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ. | |
| | വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ | പ്രതി-മാസം | മലയാളം ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ്. |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം/മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | H.M, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിങ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | ഇ-കമ്പ്യൂട്ടറിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊ- | രണ്ട് വർഷം | മലയാളം IT അധ്യാപകർ | മലയാളം ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി ടി എ സ്കൂൾ | പി ടി എ |
| 6) കുട്ടികളുടെ ആകാശവാണി അവതരണം. | ആകാശവാണി: വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം | | | |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും. | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# അക്കാദമിക മാസ്റ്റർപ്ലാൻ യു.പി. ഇംഗ്ലീഷ്

മേഖല - യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സഹായിക്കേണ്ട വിഭാഗം |
| --- | --- | --- | --- | --- |
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം, സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend your Ear – ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me if you Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ,, | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ,, | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. | ജൂൺ | ,, | |

മേഖല – യു.പി ഇംഗ്ലീഷ്

| ക്ലാസ്സ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| --- | --- | --- | --- | --- |
| | തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | | | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | | |
| | Meet the foreigners: തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരുതവണ | | |

മേഖല - ഭാഷ    ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I 100 Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായനകാർഡുകൾ ക്രമീകരിക്കുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | " | |
| | Learning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു | സെപ്റ്റംബർ | " <br> " | |

| | | | |
|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | FM Corner :- വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ, ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.<br>Reader of the Month :- ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു.<br>My Droplets :- കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ്സ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു<br>Alert zone :- സൂചനബോർഡുകൾ പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്സ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു<br>Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം | | |

| മേഖല - യു.പി<br>ലക്ഷ്യം | ഇംഗ്ലീഷ്<br>പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | | | |
| | Fun time Funda കടംകഥകൾ, കുസൃതിചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ഫെബ്രുവരി | | |
| 4) ഇംഗ്ലീഷ് ഭാഷയോട് ആത്മവിശ്വാസം ഉയർത്തുന്നു | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കൾ, മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസ്സിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | (1) ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ പിടിഎ രക്ഷിതാക്കൾ | |
| | $5^{th}$ ന് - കഥപറയൽ, കഥയെഴുത്ത്<br>$6^{th}$ ന് - Role Play നാടകം<br>$7^{th}$ ന് - കവിതയുടെ പ്രസംഗം<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി പതിപ്പ് ഷോ. | (2) വർഷാവസാനം | | |

# അക്കാദമിക മാസ്റ്റർപ്ലാൻ യു.പി. ഹിന്ദി

| Sl. No | PROGRAMME | ACTIVITY | DURATION | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസിലെ അക്ഷരമാല പ്രദർശനം<br>ഓൺലൈൻ അക്ഷര വല കളികൾ<br>വാക്കുകൾ എഴുതിയ കാർഡുകൾ<br>വാക്കുകൾ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം | JUNE TO AUGUST | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC, DIET<br>SCERT<br>(ആവശ്യമെങ്കിൽ)<br>Resource Teacher |
| 2 | വീട് പരീക്ഷണശാല (കാണുന്നതും, കേൾക്കുന്നതും, ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക | | | |

| | | | | | |
|---|---|---|---|---|---|
| | | ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>CWSN കുട്ടികളുടെ പങ്കാളിത്തം | Sept to Oct | ഹിന്ദി നിഘണ്ടു | PTA, BRC<br>Resource Teacher. |
| 3 | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കുവാനും, സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ<br>പ്രത്യേകിച്ച് (sep 14 Jan 10)<br>ക്ലാസ് ലൈബ്രറി<br>അധികവായന സാധ്യതകൾ<br>ചിത്രസഹായത്തോടെ<br>ചിത്രകഥ ആഖ്യാനങ്ങൾ<br>ചിത്രം അടിക്കുറിപ്പ്<br>ചിത്രം - കഥ പറയൽ<br>ചിത്രം - കഥ എഴുതൽ<br>കഥ ബാക്കി എഴുതൽ<br>വായനക്കുറിപ്പ്<br>ഹിന്ദി ക്ലാസ് ക്ലബ്<br>പ്രവർത്തനങ്ങൾ | Nov to Feb | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിതശില്പശാല കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനു ള്ള പ്രവർത്തനങ്ങൾ നൽകുന്നു. [നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഉപയോഗിക്കുന്നു] | ജൂൺ മാസം | ഗണിതഅധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷിക ളുടെ വികാസവും | ഒറിഗാമി ശിൽപശാല ജാപ്പനീസ് കലയായ ഒറിഗാമി യിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ | | ഗണിത ക്ലബ്ബിലെ അംഗങ്ങൾ<br>ഗണിതഅധ്യാപകൻ<br>വർക്ക് എക്സ്പീരിയൻസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുപ്രാവശ്യം | | |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | ഗണിതക്ലബ്ബ് പി.ടി.എ |
| ഗണിതം മധുരമാക്കൽ | **ഗണിതപാർക്ക്** ജ്യാമിതിയരൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | പി.ടി.എ, ഗണിതക്ലബ് | പി.ടി.എ |
| ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം | **ഗണിതഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാക്കുന്നരീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിതഅധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിതക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | | |
| വിവിധശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്. ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ്, ഹെൽത്ത് ക്ലബ്. | പി. ടി. എ. |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് പരിസ്ഥിതി ക്ലബ് ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ. |
| | പരീക്ഷണക്കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലബു കൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് പരിസ്ഥിതി ക്ലബ് ഹെൽത്ത് ക്ലബ് | |

| | | | | |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ശാസ്ത്ര ക്ലബ്, ആരോഗ്യ ക്ലബ്, പരിസ്ഥിതി ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്, പരിസ്ഥിതി ക്ലബ്. | |
| | **എക്സ്പ്ലോ - എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | സയൻസ് ക്ലബ്. |
| | **ശാസ്ത്ര വിസ്മയ ചുവർ.**<br>ശാസ്ത്ര പുരോഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി ടി എ സയൻസ് ക്ലബ്. |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു; ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി ടി എ സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | ഒരുക്കാം<br>കുട്ടികളിൽ ശാസ്ത്രബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണ താൽപര്യം വർദ്ധിപ്പിക്കൽ. | ലാബുകൾ പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# അക്കാദമിക മാസ്റ്റർപ്ലാൻ യു.പി. സോഷ്യൽസയൻസ്

മേഖല. യു. പി. സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം. (ജൂൺ) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| | ഓർമച്ചെപ്പ്. അന്താർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി | Virtual Field Trip ICT സാധ്യതകളുപയോഗിച്ച് | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| മാറ്റിയെടുക്കുക. | ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | | | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്: ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അനുശ- | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| | മനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstrat-ion ക്ലാസ്സുകൾ സംഘടിപ്പിക്കുക-യും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാ-ക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | | | |
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ സുഗന്ധവട്ടം: പ്രകൃതി ദുരന്തങ്ങൾ സംഭവി-ച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർ-ത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ. |
| 6. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ- | ചിലന്തിവലയിൽ നിന്ന് കുതിച്ചു ചാട്ടം: | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| കുറിച്ചും കോടതിയുടെ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ, ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8. സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതു ചക്രവാളത്തിലേക്ക്. സിവിൽ സർവീസ് പരീക്ഷ എഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു, സൂക്ഷ്മബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ തിരിച്ചറിയാനും കൊണ്ട് എന്നിവയിലൂടെ ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

# ഉപസംഹാരം.

വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിൽ ഊന്നിയുള്ളതാണ് നമ്മുടെ സ്കൂൾ മാസ്റ്റർപ്ലാൻ. സ്കൂൾ സമിതികൾ, സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഉൾപ്പെട്ട ആൾക്കാർ മറ്റ് സ്ഥാപനങ്ങൾ എന്നിവരെ ഉൾച്ചേർത്ത് കൊണ്ടുള്ള ഈ വിദ്യാലയ പദ്ധതി സ്കൂളിന്റെ വികസനത്തിന് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ കൂട്ടായ പ്രവർത്തനം, നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള ഈ പ്രവർത്തനത്തിൽ നമുക്കും പങ്കാളികളാകാം.